സർക്കാർ വകപ്പുകളിലെ അധിക തസ്തികകൾ

2 (1824) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്ന് വകുപ്പ്, തസ്തിക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് റദ്ദാക്കിയത് എന്ന് വകുപ്പ്, തസ്തികതിരിച്ച് വിവരങ്ങൾ നൽകാമോ;

(സി) വകുപ്പുകളിൽ എത്ര അധിക തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അധിക തസ്തികകൾ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി 51 പുതിയ തസ്തികകൾ സൃഷ്ടിച്ചു. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സൃഷ്ടിച്ച തസ്തിക	സൃഷ്ടിച്ച തസ്തികകളുടെ എണ്ണം
(1)	(2)
അഡീഷണൽ സെക്രട്ടറി	2
ജോയിന്റ് സെക്രട്ടറി	2
ഡെപ്യൂട്ടി സെക്രട്ടറി	1
അണ്ടർ സെക്രട്ടറി	2
സെക്ഷൻ ഓഫീസർ	4
അസിസ്റ്റന്റ്	10
ഓഫീസ് സൂപ്രണ്ട്	2
കമ്പ്യൂട്ടർ അസിസ്റ്റന്റ്	4
ഓഫീസ് അസിസ്റ്റന്റ്	1
പേഴ്സണൽ അസിസ്റ്റന്റ്	6

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ഓഫീസ് അറ്റൻഡന്റ്	9
ക്ലറിക്കൽ അസിസ്റ്റന്റ്	1
ബൈന്റർ	1
ഡ്രൈവർ	2
ഡോബി	2
ഫുൾടൈം ഫോട്ടോകോപ്പിയർ-കം ടെലഫോൺ-കം-കമ്പ്യൂട്ടർ ക്ലീനർ	2
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	1
ആകെ	52

പൊതുഭരണ വകുപ്പിലെ ബൈന്റർ തസ്തികയിലെ രണ്ട് തസ്തികകൾ സൂപ്പർവൈസറി തസ്തികയാക്കി മാറ്റിയിട്ടുണ്ട്. മറ്റുവകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിൽ തസ്തികകൾ റദ്ദാക്കിയിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി&ഡി) പൊതുഭരണ സെക്രട്ടേറിയറ്റിൽ അധിക തസ്തികകളില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ

3 (1825) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ക്ഷേമനിധി ആഫീസുകളിലും ജോലി നോക്കിവരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, പി.എഫ്., ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയവ നല്കേണ്ടത് മാതൃസ്ഥാപനത്തിൻ നിന്നാണോയെന്ന് വിശദമാക്കുമോ ;

(ബി) പെൻഷൻ കോൺട്രിബ്യൂഷനും ലീവ് സറണ്ടറും മറ്റും മാതൃ സ്ഥാപനങ്ങളിൽനിന്നോ ഡെപ്യൂട്ട് ചെയ്യപ്പെട്ട വകുപ്പുകളിൽനിന്നുതന്നെയോ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly